WS-2560

هيئة الحكمة للتعليم والتربية الإسلامية
WISDOM EDUCATION BOARD

# امتحان منحة الحكمة ٢٠٢٥

# WISDOM SCHOLARSHIP EXAMINATION (WiSE)

## WiSE SENIOR - APRIL 2025

***Time: 90 Minutes*** ***Marks: 75***

| രജിസ്റ്റർ നമ്പർ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| അക്കത്തിൽ | | | | | | | | | |
| അക്ഷരത്തിൽ | | | | | | | | | |

(FOR OFFICE USE ONLY)

| TOTAL MARKS SCORED | |
|---|---|

## നിർദേശങ്ങൾ

1. രാവിലെ 09.30 മുതൽ 11.15 വരെയാണ് പരീക്ഷാ സമയം.
2. ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗപ്പെടുത്തുക.
3. ആകെ 75 ചോദ്യങ്ങൾ, 75 മാർക്ക്. ഓരോ ചോദ്യത്തിനും ഓരോ മാർക്ക് വീതം. നെഗറ്റീവ് മാർക്ക് ഇല്ല.
4. മുകളിൽ നിർദിഷ്ട കോളങ്ങളിൽ രജിസ്റ്റർ നമ്പർ ശ്രദ്ധയോടെ, വ്യക്തമായി അക്കത്തിലും അക്ഷരത്തിലും എഴുതുക. ഉദാഹരണത്തിന് താങ്കളുടെ രജിസ്റ്റർ നമ്പർ 352760891 എന്നാണെങ്കിൽ ഇപ്രകാരം എഴുതുക.

| 3 | 5 | 2 | 7 | 6 | 0 | 8 | 9 | 1 |
|---|---|---|---|---|---|---|---|---|
| മൂന്ന് | അഞ്ച് | രണ്ട് | ഏഴ് | ആറ് | പൂജ്യം | എട്ട് | ഒൻപത് | ഒന്ന് |

5. രജിസ്റ്റർ നമ്പർ അല്ലാതെ ബുക്ക്‌ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.
6. ഓരോ ചോദ്യത്തിന് ശേഷവും നാല് ഓപ്ഷനുകൾ നൽകിയിട്ടുണ്ട്. ശരിയുത്തരത്തിന് നേരെയുള്ള ബോക്സിൽ മാത്രം ☑ ടിക്ക് ചെയ്യുക. ഒരു ചോദ്യത്തിന് ഒന്നിലധികം ബോക്സിൽ ടിക്ക് അല്ലെങ്കിൽ മറ്റെന്തെങ്കിലും അടയാളം രേഖപ്പെടുത്തിയാൽ ഉത്തരം അസാധുവായി പരിഗണിക്കും. അതിനാൽ ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കിയ ശേഷം മാത്രം ഉത്തരം രേഖപ്പെടുത്തുക.
7. പരീക്ഷ എഴുതാൻ നീല അല്ലെങ്കിൽ കറുപ്പ് മഷിയുള്ള ബോൾ പോയിന്റ് പേന മാത്രം ഉപയോഗിക്കുക.
8. ബുക്ക്‌ലെറ്റ് ഇൻവിജിലേറ്ററെ ഏൽപ്പിച്ച ശേഷം മാത്രമേ പരീക്ഷ ഹാൾ വിട്ട് പുറത്തുപോകാൻ പാടുള്ളൂ.

1. അക്ഷരത്തിന്റെ ഉച്ചാരണത്തിന്റെ മുഴക്കം കാരണം വായ നിറയുന്ന അവസ്ഥക്കാണ് ............................ എന്ന് പറയുന്നത്.

A) تَرْقِيق ☐ B) تَفْخِيم ☐

C) إِدْغَام ☐ D) إِظْهَار ☐

2. താഴെപ്പറയുന്നവയിൽ حُرُوفُ الْقَلْقَلَة ഏവ?

A) ق، ط، ب، ج، د ☐ B) ق، ط، ب، ل، ن ☐

C) ق، ر، م، ج، د ☐ D) ق، ط، ب، ج، ت ☐

3. مَدّ ന്റെ അക്ഷരമായ اَلِف നു മുമ്പ് هَمْزَة വന്നാൽ?

A) مَدُّ الصِّلَة ☐ B) مَدُّ الْمُتَّصِل ☐

C) مَدُّ عَارِض ☐ D) مَدُّ الْبَدَل ☐

4. دَمَّرَ എന്നത് ........................ യുടെ ഉദാഹരണമാണ്.

A) اَلْمِيمُ الْمُشَدَّدَة ☐ B) اَلْمِيمُ السَّاكِنَة ☐

C) إِدْغَام الْمُتَجَانِسَيْن ☐ D) إِدْغَام الْمُتَقَارِبَيْن ☐

5. സ്വഹാബികൾ പരസ്പരം കണ്ടുമുട്ടിയാൽ ബോധിപ്പിക്കാറുണ്ടായിരുന്ന സൂറത്ത് ഏത്?

A) سُورَةُ النَّصْر ☐ B) سُورَةُ الْهُمَزَة ☐

C) سُورَةُ الْفِيل ☐ D) سُورَةُ الْعَصْر ☐

6. مَاؤُهُ أَبْيَضُ مِنَ اللَّبَن أَحْلَى مِنَ الْعَسَل أَطْيَبُ مِنَ الْمِسْك. مَا هُوَ؟

A) مَاءُ زَمْزَم ☐ B) حَوْضُ الْكَوْثَر ☐

C) مَاءُ النَّهْر ☐ D) مَاءُ الْبِئْر ☐

7. اِخْتَرِ الشَّاذ

A) الإِمَامُ مَالِك ☐ B) الإِمَامُ الشَّافِعِيّ ☐

C) الإِمَامُ الْبُخَارِي ☐ D) الإِمَامُ أَحْمَد بن حَنْبَل ☐

8. أَيْنَ الله؟

A) فِي كُلِّ مَكَان ☐ B) فِي الأَرْض ☐

C) فِي السَّمَاءِ ☐ D) فِي الْجَنَّةِ ☐

9. അബൂഹുറൈറ ﷺ വിന്റെ യഥാർത്ഥ നാമം എന്ത്?

A. അബ്ദുല്ല ☐ B. അബ്ദുറഹ്മാൻ ☐

C. അബ്ദുറഹീം ☐ D. അബ്ദുൽ വഹാബ് ☐

10. اِشْتَرَيْتُ ............................ كُرَّاسَةً.

A) إِحْدَى وَعِشْرُون ☐ B) أَحَدَ وَعِشْرُون ☐

C) وَاحِدٌ وَعِشْرُون ☐ D) إِحْدَةَ وَعِشْرُون ☐

11. ഹിജ്റ 179 ലാണ് ഇമാം മാലിക് വഫാത്തായത്. ഹിജ്റ 150ൽ വഫാത്തായ ഇമാം ആര്?

A. ഇമാം അബൂഹനീഫ ☐ B. ഇമാം ഷാഫിഈ ☐

C. ഇമാം അഹ്മദ് ബ്നു ഹമ്പൽ ☐ D. ഇമാം തിർമിദി ☐

12. مُهَانًا എന്ന വാക്കിന്റെ അർത്ഥമായി വരുന്നത് ഏത്?

A. ഇരട്ടിക്കപ്പെടും ☐ B. നിന്ദ്യനായി ☐

C. ശാശ്വതമായിരിക്കും ☐ D. പാപഫലം ☐

13. സൂറത്തുൽ ബക്വറയിലെ അവസാനത്തെ ആയത്തിലെ (آمَنَ الرَّسُول) പ്രാർത്ഥനകളിൽ **ഉൾപ്പെടാത്തത്** ഏത്?

A. ഞങ്ങൾക്ക് ഉപജീവനം നൽകേണമേ ☐

B. ഞങ്ങൾക്ക് മാപ്പ് നൽകേണമേ ☐

C. ഞങ്ങൾക്ക് പൊറുത്തുതരേണമേ ☐

D. ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ ☐

14. يَا مُقَلِّبَ الْقُلُوب ثَبِّتْ قَلْبِي عَلَى ..........................

A) إِسْلَامِك ☐ B) هِدَايَتِك ☐

C) دِينِك ☐ D) رَحْمَتِك ☐

15. وَلَا دِينَ لِمَنْ لَا عَهْدَ لَهُ എന്നതിന്റെ ആശയത്തിൽ **ഉൾപ്പെടുന്നത്** ഏത്?

A. സൽസ്വഭാവം ☐ B. ലജ്ജ ☐

C. കരാർ പാലനം ☐ D. വിനയം ☐

16. اَلْهِنْدُ ...................... دِيمُقْرَاطِيَّة

A. أَرْضٌ ☐ B. وِلَايَة ☐ C. دَوْلَة ☐ D. كَيْرَلَا ☐

17. "تَرْجُمَانُ الْقُرْآن" مِنْ مُؤَلَّفَاتِ ..........................

A. عَبْدُ الْفَلَاح ☐ B. أَبُو الْكَلَام آزَاد ☐

C. وَكَّمْ مَوْلَوِي ☐ D. أَمَانِي مَوْلَوِي ☐

18. ഗ്രൂപ്പിൽ പെടാത്തത് ഏത്?

A. مَدَارِجُ السَّالِكِين ☐　　B. زَادُ الْمَعَاد ☐

C. اَلدَّاءُ وَالدَّوَاءُ ☐　　D. اَلْمُوَطَّأ ☐

19. പിശാചിന്റെ സ്വഭാവത്തിൽ പെട്ടതാണെന്ന് നബി ﷺ പ്രത്യേകം പറഞ്ഞത് ഏതിനെ കുറിച്ചാണ്?

A. ഉറക്കം ☐　　B. ധൃതി ☐

C. ലജ്ജ ☐　　D. മോഷണം ☐

20. മഴക്കു വേണ്ടിയുള്ള നിസ്കാരം നിർവഹിക്കേണ്ടത് എപ്പോൾ?

A. ആഴ്ച തോറും ☐　　B. പ്രകൃതി മാറ്റാമുണ്ടാകുമ്പോൾ ☐

C. വർഷം തോറും ☐　　D. എല്ലാ ദിവസവും ☐

21. ജമാഅത്ത് നിസ്കാരത്തിൽ ഇമാമിനെ വൈകി തുടരുന്നവൻ?

A) سَابِق ☐　　B) خُشُوع ☐

C) مَسْبُوق ☐　　D) تَسْوِيَة ☐

22. വിചാരണ വേഗത്തിലാക്കാനായി മഹ്ശറയിൽ വെച്ച് നബി ﷺ നിർവഹിക്കുന്ന ശുപാർശ ഏത്?

A) اَلشَّفَاعَة ☐　　B) اَلشَّفَاعَةُ الصُّغْرَى ☐

C) حِسَابًا يَسِيرًا ☐　　D) اَلشَّفَاعَةُ الْعُظْمَى ☐

23. ഒരു വർഷം തികഞ്ഞാൽ എത്ര  മിഥ്ക്വാലിന് തുല്യമായ സ്വർണം ഉണ്ടാകുമ്പോഴാണ് സകാത്ത് നൽകേണ്ടത്?

A. 20 മിഥ്ക്വാൽ ☐　　B. 25 മിഥ്ക്വാൽ ☐

C. 30 മിഥ്ക്വാൽ ☐　　D. 40 മിഥ്ക്വാൽ ☐

24) لَا تُشْرِكْ بِاللهِ شَيْئًا وَإِنْ قُطِّعْتَ شَيْئًا أَوْ ..............................

A) هُرِّكْتَ ☐　　B) حُرِّقْتَ ☐

C) حُرِّكْتَ ☐　　D) خُرِّقْتَ ☐

25. *ഹരിത കേരളം* പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ **പെടാത്തത്** ഏത്?

A. ജലസംരക്ഷണം ☐　　B. ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ ☐

C. മാലിന്യനിർമാർജനം ☐　　D. പൊതു വിദ്യാഭ്യാസ സംരക്ഷണം ☐

26)أَيُّهَا النَّاسُ اتَّقُوا هَذَا الشِّرْكَ فَإِنَّهُ أَخْفَى مِنْ دَبِيبِ .............................

A) النَّخْل　　B) النَّحْل

C) الْحَقْل　　D) النَّمْل

27) اَللَّهُمَّ اغْفِرْ لِي ذَنْبِي كُلَّهُ ...................... وَجِلَّهُ وَأَوَّلَهُ وَآخِرَهُ وَعَلَانِيَتَهُ وَسِرَّهُ.

A) دِقَّهُ ☐　　B) دِيكَهُ ☐

C) دِكَّهُ ☐　　D) ذَوْقَهُ ☐

28. അറബി ഭാഷയിലെ ആദ്യത്തെ നിഘണ്ടു ഏത്?

A) اَلْمَوْرِد ☐　　B) كِتَابُ الْعَيْن ☐

C) اَلْمُنْجِد ☐　　D) اَلْمَنْهَل ☐

29) أَكَلَتِ الْبِنْتُ مَوْزًا. مَنِ الْفَاعِلُ فِي هَذِهِ الْجُمْلَةِ؟

A) الْجُمْلَة ☐　　B) مَوْزًا ☐

C) أَكَلَتْ ☐　　D) الْبِنْتُ ☐

30. “നീ മരണപ്പെടുകയാണെങ്കിൽ മുഹമ്മദ് നബി ﷺ യുടെ ചര്യയിലല്ലാത്തവനായാണ് മരണപ്പെടുക.” എന്ന് പറഞ്ഞത് ആരെക്കുറിച്ചാണ്?

A. അലസമായി നിസ്കരിക്കുന്നവനെ കുറിച്ച്

B. ധൃതിയിൽ നമസ്കരിക്കുന്നതിനെ കുറിച്ച്

C. കാപട്യത്തോടെ നമസ്കരിക്കുന്നവനെ കുറിച്ച്

D. നിസ്കരിക്കാൻ മറന്നവനെ കുറിച്ച്

31. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കടൽത്തീരമുള്ള സംസ്ഥാനം ഏത്?

A. മഹാരാഷ്ട്ര ☐　　B. കേരളം ☐

C. ഗുജറാത്ത് ☐　　D. തമിഴ്നാട് ☐

32. ലോകത്തിന്റെ മേൽക്കൂര എന്നറിയപ്പെടുന്ന സ്ഥലം ഏത്?

A. മസ്കറ്റ് ☐　　B. ടിബറ്റ് ☐

C. ജപ്പാൻ ☐　　D. അമേരിക്ക ☐

33. ആഴ്ചയിൽ നാലുദിവസം മാത്രം ജോലിയുള്ള രാജ്യം?

A. ഫ്രാൻസ് ☐　　B. അമേരിക്ക ☐

C. ജർമനി ☐　　D. ഐസ്ലാൻഡ് ☐

34. *സൂര്യപ്രകാശ വിറ്റാമിൻ* എന്നറിയപ്പെടുന്ന വിറ്റാമിൻ ഏത്?

A. വിറ്റാമിൻ എ ☐ B. വിറ്റാമിൻ ബി ☐
C. വിറ്റാമിൻ സി ☐ D. വിറ്റാമിൻ ഡി ☐

35. 'മിഷൻ ചന്ദ്രയാൻ 3' ന്റെ പ്രധാന ലക്ഷ്യം എന്ത്?

A. സൂര്യനെ സമീപിക്കൽ ☐ B. ചന്ദ്രനിൽ ലാൻഡ് ചെയ്യൽ ☐
C. ശബ്ദം പഠിക്കൽ ☐ D. ഫോട്ടോ പകർത്തൽ ☐

36. എവിടെയുള്ള പാമ്പുകൾക്കാണ് ഏറ്റവും കൂടുതൽ വിഷമുള്ളത്?

A. കടൽ ☐ B. മരുഭൂമി ☐ C. പുഴ ☐ D. കാട് ☐

37. ഇന്ത്യയിലെ ആദ്യത്തെ വനിതാ പ്രധാനമന്ത്രി ആര്?

A. സോണിയ ഗാന്ധി ☐ B. ജയലളിത ☐
C. ഇന്ദിരാഗാന്ധി ☐ D. സരോജിനി നായിഡു ☐

38. സൈലന്റ് വാലി ഏത് ജില്ലയിലാണ്?

A. കോഴിക്കോട് ☐ B. തൃശ്ശൂർ ☐
C. മലപ്പുറം ☐ D. പാലക്കാട് ☐

39. 2024ലെ ലോകകപ്പ് ക്രിക്കറ്റ് ജേതാക്കളായ രാജ്യം ഏത്?

A. ഇന്ത്യ ☐ B. ഓസ്ട്രേലിയ ☐
C. ഇംഗ്ലണ്ട് ☐ D. ദക്ഷിണാഫ്രിക്ക ☐

40. 'The World after Gaza' എന്ന പുസ്തകത്തിന്റെ രചയിതാവ് ആര്?

A. അരുന്ധതി റോയ് ☐ B. ചേതൻ ഭാഗത് ☐
C. പങ്കജ് മിശ്ര ☐ D. ശശി തരൂർ ☐

41. ഇന്ത്യയുടെ ദേശീയ പതാക രൂപകൽപ്പന ചെയ്തത് ആര്?

A. രവീന്ദ്രനാഥ ടാഗോർ ☐ B. ഡോ. ബി ആർ അംബേദ്കർ ☐
C. പിംഗലി വെങ്കയ്യ ☐ D. ജവഹർലാൽ നെഹ്റു ☐

42. പൂരിപ്പിക്കുക

*മത്സരം ....................*

*തിന്മയിൽ മത്സരം വേണ്ടേ വേണ്ട.*

A. ഉയർച്ചക്ക് വേണ്ടി ☐ B. സമ്മാനം നേടാൻ വേണ്ടി ☐
C. നന്മയ്ക്ക് വേണ്ടി ☐ D. മുന്നിലെത്താൻ വേണ്ടി ☐

43. ഇപ്പോഴത്തെ കേരള ഗവർണർ ആരാണ്?

A. ആരിഫ് മുഹമ്മദ് ഖാൻ ☐ B. വിശ്വഭൂഷൻ ഹരി ചന്ദ്രൻ ☐

C. പിണറായി വിജയൻ ☐ D. രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ☐

44. കേരളത്തിന്റെ ഇപ്പോഴത്തെ സ്പോർട്സ് വകുപ്പ് മന്ത്രി ആര്?

A. വി. ശിവൻകുട്ടി ☐ B. പി. എ. മുഹമ്മദ് റിയാസ് ☐

C. വി. അബ്ദുറഹ്മാൻ ☐ D. കെ. എൻ. ബാലഗോപാൽ ☐

45. *കാറ്റിനോട്* എന്ന കവിതയിൽ സൂചിപ്പിച്ച നിർഭയ രാജ്യം ഏതാണ്?

A. ഇന്ത്യ ☐ B. ഈജിപ്ത് ☐

C. മക്ക ☐ D. ഫലസ്തീൻ ☐

46. *മോനേ നീ നല്ലവനാ*
*മക്കത്ത് പുതിയൊരു*
*മതവുമായി വന്ന*
*മുഹമ്മദിന്റെ കൂടെ*
*കൂടല്ലേ ചീത്തയാകും*

എന്ന് ഉപദേശിച്ചത് ആര്?

A. അബൂത്വാലിബ് ☐ B. അബൂ ജഹൽ ☐

C. അബൂലഹബ് ☐ D. വൃദ്ധ ☐

47. *റബ്ബിന്റെ ഭവനത്തെ*
*കാക്കട്ടെ അവൻ തന്നെ*

ഇത് ആരുടെ വാക്കുകളാണ്?

A. നബി ﷺ യുടെ ☐ B. അബൂത്വാലിബിന്റെ ☐

C. അബൂസുഫ്യാനിന്റെ ☐ D. ഖുറൈശി നേതാക്കളുടെ ☐

48. *ഇന്ത്യ സ്വാതന്ത്ര്യം നേടുന്നു* എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ആര്?

A. അബുൽ കലാം ആസാദ് ☐

B. ഇന്ദിരാഗാന്ധി ☐

C. ജവഹർലാൽ നെഹ്റു ☐

D. ഡോ. രാജേന്ദ്ര പ്രസാദ് ☐

49. റബ്ബിൻ കൽപ്പന പ്രകാരം മകനെ ബലി നൽകാൻ മകനെയും കൂട്ടി ഇബ്രാഹിം നബി ﷺ എത്തിയത് എവിടെയാണ്?

A. മക്കയിൽ ☐ B. അറഫയിൽ ☐
C. മുസ്ദലിഫയിൽ ☐ D. മിനയിൽ ☐

50. പൂരിപ്പിക്കുക

ഉമ്മ = മാതാവ്
പുണ്യം = ധർമ്മം
ദുഃഖം = വ്യഥ
ആകാശം = ...........

A. ആഴി ☐ B. വിഹായസ്സ് ☐
C. താരകം ☐ D. ശില ☐

51. *സാമോദം* എന്ന പദത്തിന്റെ അർത്ഥം

A. സൌന്ദര്യത്തോടെ ☐ B. സന്തോഷത്തോടെ ☐
C. ശ്രദ്ധയോടെ ☐ D. മോഹത്തോടെ ☐

52) اِخْتَرِ الشَّاذ

A) مُشْطٌ ☐ B) قُرْطٌ ☐
C) عِقْد ☐ D) خَلْخَالٌ ☐

53. പൂരിപ്പിക്കുക

ഉദയം × അസ്തമയം
ഉപകാരം × ഉപദ്രവം
അനുകൂലം × പ്രതികൂലം
അനുഗ്രഹം × ................

A. നിഗ്രഹം ☐ B. അനുചിതം ☐
C. ഗ്രാഹ്യം ☐ D. സുഗ്രാഹ്യം ☐

54. ഡൽഹി ഭരിച്ച ആദ്യ വനിതാ ഭരണാധികാരി ആര്?

A. റസിയ സുൽത്താന ☐ B. ജഹാനറ ബീഗം ☐
C. നൂർജഹാൻ ☐ D. മുംതാസ് മഹൽ ☐

55. ലോകത്ത് ഏറ്റവും കൂടുതൽ മുസ്ലിം ജനസംഖ്യയുള്ള രാജ്യമേത്?

A. സൗദി അറേബ്യ ☐ B. പാക്കിസ്ഥാൻ ☐

C. ഇന്തോനേഷ്യ ☐ D. ഈജിപ്ത് ☐

56. ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ആര്?

A. ഇബ്നു ബത്തൂത്ത ☐ B. ഇബ്നുൽ ഹൈതം ☐

C. ഇബ്നു സീന ☐ D. അൽ ഖവാരിസ്മി ☐

57. 'അഞ്ച് നദികളുടെ ഭൂമി' എന്നറിയപ്പെടുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?

A. പഞ്ചാബ് ☐ B. ഹരിയാന ☐

C. ഉത്തർപ്രദേശ് ☐ D. ഗുജറാത്ത് ☐

58. ലോകത്തെ ഏറ്റവും നീളം കൂടിയ നദിയേത്?

A. നൈൽ ☐ B. ആമസോൺ ☐

C. മിസിസിപ്പി ☐ D. യാംഗ്സേ ☐

59. 'ചുവന്ന ഗ്രഹം' എന്നറിയപ്പെടുന്ന ഗ്രഹം ഏത് ?

A. ശുക്രൻ (Venus) ☐ B. ജൂപിറ്റർ (Jupiter) ☐

C. ചൊവ്വ (Mars) ☐ D. ശനി (Saturn) ☐

60. ഐക്യരാഷ്ട്രസഭയുടെ ഇപ്പോഴത്തെ സെക്രട്ടറി ജനറൽ ആരാണ്?

A. കോഫി അന്നൻ ☐ B. ബാൻ കി മൂൺ ☐

C. അന്റോണിയോ ഗുട്ടറസ് ☐ D. ജെൻസ് സ്റ്റോൾട്ടൻബർഗ് ☐

61. 2022ലെ ഫിഫ ലോകകപ്പ് ഫുട്ബോൾ കിരീടം നേടിയ രാജ്യം?

A. ജർമനി ☐ B. ബ്രസീൽ ☐

C. ഫ്രാൻസ് ☐ D. അർജന്റീന ☐

62. 2023 ലെ ജി 20 ഉച്ചകോടി നടന്ന ഇന്ത്യൻ നഗരം ഏത്?

A. ഡൽഹി ☐ B. മുംബൈ ☐

C. കൊൽക്കത്ത ☐ D. അഹമ്മദാബാദ് ☐

63. ഇന്ത്യയുടെ ഇപ്പോഴത്തെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആര്?

A. എൻ വി രമണ ☐ B. ഡി വൈ ചന്ദ്രചൂഢ് ☐

C. സഞ്ജീവ് ഖന്ന ☐ D ശരത് അരവിന്ദ് ബോബ്ഡെ ☐

64. അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥനകൾ നിഷ്ഫലമാണ്. ഖുർആൻ പഠിപ്പിച്ച കാരണങ്ങളിൽ പെടാത്തതേത്?

A. അവർ സ്വന്തമായി യാതൊന്നും ഉടമപ്പെടുത്താത്തവരാണ്. ☐

B. അവർ ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയാത്തവരാണ്. ☐

C. അവർ ഈ മഹാപ്രപഞ്ചം മുഴുവൻ കാണാത്തവരാണ്. ☐

D. അവർ പ്രാർത്ഥന കേൾക്കാത്തവരാണ്. ☐

65. മുഅ്ജിസത്ത്, കറാമത്ത് എന്നിവയെ കുറിച്ച് **ശരിയല്ലാത്തതേത്**?

A. പ്രവാചകൻ അല്ലാത്ത ഒരാളിലൂടെ വല്ല ദൃഷ്ടാന്തവും പ്രകടമായാൽ അയാൾ വലിയ്യ് ആണെന്ന് ഉറപ്പിക്കാം. ☐

B. അല്ലാഹു ഉദ്ദേശിക്കുമ്പോൾ മാത്രമേ അവ വെളിപ്പെടുകയുള്ളൂ. ☐

C. മുഅജിസത്തും കറാമത്തും അൽഭുതങ്ങൾ കാണിക്കാനുള്ള സിദ്ധി അല്ല. ☐

D. മുഅജിസത്തും കറാമത്തും നൽകപ്പെടുന്നവരുടെ ഇഷ്ടാനുസരണം പ്രകടമാക്കാൻ കഴിയില്ല. ☐

66. ഖദ്റിലുള്ള വിശ്വാസത്തിന്റെ നാല് ഘടകങ്ങളിൽ **പെടാത്തത്** ഏത്?

A. അല്ലാഹു എല്ലാം അറിയുന്നു എന്ന വിശ്വാസം. ☐

B. അല്ലാഹു ഭൂമിയോട് ഏറ്റവും അടുത്ത ആകാശത്തിലേക്ക് ഇറങ്ങും എന്ന വിശ്വാസം. ☐

C. അല്ലാഹു എല്ലാം രേഖപ്പെടുത്തി എന്ന വിശ്വാസം. ☐

D. അല്ലാഹു സൃഷ്ടിക്കുകയും വ്യവസ്ഥപ്പെടുത്തുകയും ചെയ്തു എന്ന വിശ്വാസം. ☐

67. ആർത്തവമോ പ്രസവരക്തമോ ഉള്ള സ്ത്രീകളുടെ കാര്യത്തിൽ **തെറ്റായത്** ഏത്?

A. നോമ്പ്, നിസ്കാരം എന്നിവ പാടില്ല ☐

B. ദിക്റുകൾ ചൊല്ലാൻ പാടില്ല ☐

C. മനപ്പാഠമുള്ള ഖുർആൻ ഭാഗങ്ങൾ ഓതാം ☐

D. നഷ്ട്പ്പെട്ട നോമ്പ് പിന്നീട് നോറ്റു വീട്ടണം ☐

68. *തോരണമാല* എന്ന് കവി പറഞ്ഞത് എന്തിനെ കുറിച്ചാണ്?

A. പൂന്തോട്ടം ☐ B. മഴവില്ല് ☐

C. നക്ഷത്രങ്ങൾ ☐ D. വെടിക്കെട്ട് ☐

69. തഅ്സിയത്ത് എന്നാൽ എന്ത്?

A. മറമാടിയ ഉടനെയുള്ള പ്രാർത്ഥന ☐

B. മരിച്ചയാളുടെ ബന്ധുക്കളെ ആശ്വസിപ്പിക്കൽ ☐

C. മരണവീട്ടിലെ ഉറക്കെയുള്ള കരച്ചിൽ ☐

D. ക്വിബ്ലയുടെ ദിശയിൽ മണ്ണ് തുരന്നെടുത്ത് ഉണ്ടാക്കുന്ന ക്വബ്ർ ☐

70. എങ്ങനെയാണ് നാം നബി ﷺയെ സ്നേഹിക്കേണ്ടത്?

A. നബി ﷺയുടെ അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തുക. ☐

B. നബി ﷺയുടെ ജന്മദിനം ആഘോഷിക്കുക. ☐

C. നമ്മുടെ വിഷമങ്ങളും പ്രയാസങ്ങളും ബോധിപ്പിച്ച് നബി ﷺയോട് സഹായം തേടുക. ☐

D. നബി ﷺക്ക് സമ്മാനങ്ങളും സഹായങ്ങളും നൽകുക. ☐

71. ഒരിക്കൽ ഒരു ജൂതന്റെ മൃതദേഹം കൊണ്ടുപോകുന്നത് കണ്ട് പ്രവാചകൻﷺ എഴുന്നേറ്റ് നിന്നു. നബി ﷺ തന്റെ പടയങ്കി ഭക്ഷണത്തിനുവേണ്ടി ജൂതന്റെ പക്കൽ പണയപ്പെടുത്തി. മദീന ഹിജ്റ വേളയിൽ ബഹുദൈവാരാധകനായ അബ്ദുല്ലാഹിബ്നു ഉറൈക്വിത്തിനെ നബി ﷺ വഴികാട്ടിയായി സ്വീകരിച്ചു... ഇവയിൽ നിന്നുള്ള പാഠങ്ങൾ എന്തെല്ലാം?

1. നമ്മുടെ ആദർശം മുറുകെപ്പിടിച്ച് എല്ലാ ജനവിഭാഗങ്ങളോടും സഹകരിച്ചും സഹായിച്ചും ജീവിക്കണം.
2. മറ്റു മതക്കാരോട് പുണ്യം ചെയ്യുന്നതിനെ ഇസ്‌ലാം വിലക്കുന്നില്ല.
3. നബി ﷺ ഇതര മതവിശ്വാസക്കാരോട് സൗഹാർദ്ദം കാത്തുസൂക്ഷിച്ചു.

A. ഒന്ന് മാത്രം ശരി ☐ B. ഒന്നും മൂന്നും മാത്രം ശരി ☐

C. ഒന്നും രണ്ടും മാത്രം ശരി ☐ D. എല്ലാം ശരി ☐

72. ഖലീഫമാർ അധികാരമേറ്റ വർഷം. ശരിയേത്?

A. അബൂബക്കർ (റ) - ഹിജ്റ 10 ☐

B. ഉമർ (റ) - ഹിജ്റ 12 ☐

C. ഉസ്മാൻ (റ) - ഹിജ്റ 22 ☐

D. അലി(റ) - ഹിജ്റ 35 ☐

73. കവി ആരെയാണ് *ശപ്തൻ* എന്ന് വിശേഷിപ്പിച്ചത്?

A. ഇബ്‌ലീസ് ☐ B. ഫറോവ ☐

C. അബൂലഹബ് ☐ D. അബൂജഹ്ൽ ☐

74. താഴെ നൽകിയ യുദ്ധങ്ങളെ അവ നടന്ന കാലമനുസരിച്ച് ക്രമത്തിലാക്കുക.

1. ഖാദിസിയ്യ യുദ്ധം
2. യമാമ യുദ്ധം
3. നെഹ്റുവാൻ യുദ്ധം
4. ദാത്തു സ്വവാരി യുദ്ധം

A. 2,4,3,1 ☐ B. 2,1,4,3 ☐ C. 1,2,3,4 ☐ D. 1,4,3,2 ☐

75. തെറ്റേത്?

A. ഭർത്താവിന്റെ മയ്യിത്ത് ഭാര്യക്കും ഭാര്യയുടെ മയ്യിത്ത് ഭർത്താവിനും കുളിപ്പിക്കാം. ☐

B. യുദ്ധത്തിൽ രക്തസാക്ഷികളായവരെ കുളിപ്പിക്കാതെ മറവ് ചെയ്യണം. ☐

C. പത്ത് വയസ്സിന് താഴെയുള്ള കുട്ടികളുടെ മയ്യിത്ത് സ്ത്രീകൾക്കും പുരുഷന്മാർക്കും കുളിപ്പിക്കാം ☐

D. അപകടത്തിൽ മരണപ്പെട്ട് കുളിപ്പിക്കാൻ കഴിയാതെ വന്നാൽ തയമ്മും ചെയ്താൽ മതി. ☐